ജി. ടി. യു. പി. എസ്. കരിപ്പലങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ : 2025-'26

എൽ. പി. വിഭാഗം

## ആമുഖം:

എൽ. പി. ക്ലാസുകളിലെ കുട്ടികളുടെ സമഗ്രവികാസമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാരരൂപങ്ങൾ, സ്വതന്ത്രപ്രതികരണങ്ങൾ, ശില്പശാല, സംയുക്തഡയറി, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധമേഖലകളിൽ ശേഷി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപകരും ഇറങ്ങിച്ചെല്ലുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയനവർഷത്തിൽ കുട്ടി, അധ്യാപകർ, രക്ഷിതാവ്, മറ്റുസഹായികൾ എന്നിവർ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യതയൊരുക്കിക്കൊണ്ടുമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശുചിത്വബോധം വളർത്തൽ | 1. വ്യക്തിശുചിത്വം, പരിസര ശുചിത്വം.<br>• ബോധവത്കരണക്ലാസുകൾ (Std - I – IV)<br>• പോസ്റ്റർ നിർമാണം (Std I – IV) | ജൂൺ – മാർച്ച് | SRG<br>SMC<br>ക്ലാസ് ടീച്ചർ | |
| പ്രകൃതിയെ അറിയൽ. | പ്രകൃതി നടത്തം. (Std I – IV) | ജൂൺ – മാർച്ച് | SRG<br>SMC<br>ക്ലാസ്ടീച്ചർ | SMC |
| ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ. | ശാസ്ത്രപരീക്ഷണങ്ങൾക്കാവശ്യമായ സാമഗ്രികളൊരുക്കി പരീക്ഷണങ്ങളിലേർപ്പെടൽ. (Std I – IV) | ജൂൺ – മാർച്ച് | SRG<br>ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | 1. Rhymes, simple stories conversation, description, riddles etc. (Std I – IV | June – March. | SRG<br>SMC<br>Class teacher | |
| To develop LSRW skills. | English assembly (Std III – IV) | October – March. | SRG<br>SMC<br>Class teacher | SMC. |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഗണിതം ലളിതമാക്കൽ. | ഗണിതകേളികൾ (Std I – IV)<br>പാറ്റേണുകൾ (Std I – IV) | ജൂൺ – മാർച്ച്<br>ജൂൺ – മാർച്ച് | SRG<br>ക്ലാസ് ടീച്ചർ | |
| ചതുഷ്ക്രിയകൾ ലളിതമാക്കൽ. | അബാക്കസ്.<br>Std I – IV | | SRG<br>ക്ലാസ് ടീച്ചർ | SMC. |
| നിത്യജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം തിരിച്ചറിയൽ. | ക്ലാസിലൊരു കട.<br>Std I – II<br>III – IV | ഒക്ടോബർ<br>ജൂൺ – മാർച്ച് | SRG, SMC<br>class teacher | |

മേഖല : അക്കാദമികം.
ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാനഭാഷാശേഷി വികസനം. | 1. പാട്ടരങ്ങ് (Std I – IV)<br>2. ചിത്രങ്ങളിൽനിന്ന് കഥയുണ്ടാക്കൽ (Std I – IV)<br>3. കഥാസന്ദർഭങ്ങളിൽനിന്ന് കഥയുണ്ടാക്കൽ. | ജൂൺ – മാർച്ച്<br>ജൂൺ – മാർച്ച്<br>ജൂൺ – മാർച്ച് | SRG<br>SMC<br>Class Teacher | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | വിവിധ ഭാഷാകേളികൾ (Std I – IV) | ജൂൺ – മാർച്ച് | SRG<br>SMC<br>ക്ലാസ്ടീച്ചർ. | SMC |

# ജി.ടി.യു.പി.എസ്. കരിപ്പലങ്ങാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ : 2025-26

### യു.പി. വിഭാഗം

**ആമുഖം:**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് കുട്ടികളെ പ്രാപ്തരാക്കുന്നതിനായി ലക്ഷ്യം വച്ചിട്ടുള്ളതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. ഇതിൽ പ്രധാനമായും ഭാഷാശേഷി വികസനവും ഗണിതം അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടുകയും ശാസ്ത്ര അവബോധം സൃഷ്ടിക്കുകയും സാമൂഹികമായ പരിതസ്ഥിതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യമാക്കുന്നത്.

**മേഖല : അക്കാദമികം**  **ഉപമേഖല : അടിസ്ഥാനശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1 ശാസ്ത്രത്തെ തിരിച്ചറിയൽ, ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തൽ | - കണ്ടറിയാനൊരു യാത്ര<br>- ഔഷധസസ്യങ്ങൾ പരിചയപ്പെടുത്തൽ<br>- ശാസ്ത്രദിനാചരണം - ചുമർപത്രിക, ക്വിസ്മത്സരം, ഡോക്യുമെന്ററി. | ജൂൺ - മാർച്ച് | സയൻസ് അധ്യാപകർ | |
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. | വിവിധ ക്ലബ്ബുകളുടെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കൽ. | ജൂൺ - മാർച്ച് | സയൻസ് ക്ലബ്ബ് | SMC |
| 3. ശാസ്ത്രരംഗം - നൂതന ആശയങ്ങൾ ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തുക | ICT - വീഡിയോ പ്രദർശനം<br>ബുള്ളറ്റിൻ ബോർഡ് | ജൂൺ - മാർച്ച് | സയൻസ് ക്ലബ്ബ് | |

മേഖല - അക്കാദമികം    ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികാസം | അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറപ്പിക്കൽ. | ജൂൺ-ജൂലൈ | മലയാളം അധ്യാപകൻ | |
| 2. ലൈബ്രറികളുടെ ഫലപ്രദമായ ഉപയോഗം | വായനാനുഭവം പങ്കുവയ്ക്കൽ ക്വിസ് മത്സരം, കഥാപാത്രനിരൂപണം ആസ്വാദനക്കുറിപ്പ്, വായനക്കുറിപ്പ് | ജൂൺ- മാർച്ച് | " | SMC |
| 3. മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടിയെടുക്കൽ | . മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ. | ജൂൺ- മാർച്ച് | " | |

മേഖല- അക്കാദമികം ഉപമേഖല; സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രം- അടിസ്ഥാന അറിവുകൾ ആശയങ്ങൾ നേടിയെടുക്കൽ | അടിസ്ഥാനതല അറിവ് പരിശോധിക്കൽ പ്രഹേളികകൾ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. ഭൂപടപഠനം | ഭൂഖണ്ഡങ്ങൾ, ഭൂരൂപങ്ങൾ, അക്ഷാംശ, രേഖാംശരേഖകൾ ഇന്ത്യ കേരളം മാപ്പ് വിശദമായി പരിചയപ്പെടൽ | ജൂൺ ഒക്ടോബർ | 〃 | |
| 3. ചരിത്രപ്രധാന ദിനങ്ങൾ, സംഭവങ്ങൾ- ധാരണ കൈവരിച്ച് പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുന്നു | - ദിനാചരണങ്ങൾ<br>- ജനകീയമായി അന്വേഷണങ്ങൾ<br>- ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ വീഡിയോ പ്രദർശനം. | ജൂൺ- മാർച്ച് | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. | |

മേഖല : അക്കാദമികം    ഉപമേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 5,6,7, ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി ഹിന്ദി അക്ഷരങ്ങൾ മനസ്സിലാക്കുന്നു. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട് ICT ഉപയോഗിച്ച് - അക്ഷരരചന കാണിക്കൽ. | ജൂൺ - ഫെബ്രുവരി. | ഹിന്ദി അധ്യാപകൻ | |
| 2. ഹിന്ദി അനായാസം വായിക്കാനും എഴുതുവാനുമുള്ള അവസരം | നിരന്തരം പുസ്തകവായന ICT - ഹിന്ദി ചിത്രം | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപകൻ | SMC |
| 3 ഹിന്ദി അനായാസം സംസാരിക്കുവാനുള്ള കഴിവ് | ക്ലാസ്സുകളിൽ ഹിന്ദി ഭാഷ ഉപയോഗിക്കാനുള്ള അവസരം - പോസ്റ്റർ, നിർദേശങ്ങൾ, മത്സര വായന. | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപകൻ | |

മേഖല - അക്കാദമികം    ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | ഇംഗ്ലീഷ് - ചോദ്യോത്തര കേളി<br>ഇംഗ്ലീഷ് ന്യൂസുകൾ ശ്രവണം | ജൂൺ- മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | SMC |
| 2. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു, മികവുത്തിന് പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് പ്രാവണ്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഇംഗ്ലീഷ് പഠനക്യാമ്പ്, കഥപറയൽ, നാടകം, ഫിലിം ഷോ. | ജനുവരി<br>ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ | |

മേഖല : അക്കാദമികം    ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിഭവം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പാക്കി ഗണിത പഠനം സുഗമമാക്കൽ | ഗണിത ശില്പശാല<br>ഗണിത ക്ലബ് - പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ഗണിത അധ്യാപകൻ<br>ഗണിത ക്ലബ് | SMC |
| 2. ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്.<br>ICT സാധ്യതാ പ്രവർത്തനങ്ങൾ | മാസം ഒരു തവണ | ഗണിത അധ്യാപകൻ | |